# ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 05.08.2023

നമ്പർ. EB3/43391/21/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- സങ്കേതികം - വിദ്യാഭ്യാസം -സങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ട്രേഡ്സ്മാൻ തസ്തികയിൽ താത്കാലിക ജീവനക്കാരുടെ നിയമന രീതിയും യോഗ്യതയും സംബന്ധിച്ച്.

സൂചന :- 1)17/01/2023 ലെ സ. ഉ (സാധാ)നം.57/2023LBR സർക്കാർ ഉത്തരവ്.

സങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒഴിവുള്ള ട്രേഡ്സ്മാൻ/ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകളിൽ അക്കാദമിക് താത്പര്യം പരിഗണിച്ച്, നാളിതുവരെ താത്കാലിക നിയമനങ്ങൾ നടത്തിയിരുന്നത്, അടിസ്ഥാന യോഗ്യതയായ ഐ ടി ഐ അനുബന്ധ യോഗ്യത ഇല്ലെങ്കിലും ഡിപ്ലോമ, ബി ടെക്ക് യോഗ്യതകൾ, ഉയർന്ന യോഗ്യതയായി പരിഗണിച്ച് ആയിരുന്നു. എന്നാൽ സൂചന (1) സർക്കാർ ഉത്തരവിൻറ്റെ വെളിച്ചത്തിൽ ടി വിഷയത്തിൽ ആവശ്യമായ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതുള്ളതായി കാണുന്നു.

ടി വിഷയത്തിൽ സർക്കാർതലത്തിൽ തീരുമാനം കൈകൊള്ളേണ്ടതുള്ളതിനാൽ സൂചന (1) ലെ സർക്കാർ ഉത്തരവിൻറ്റെ വെളിച്ചത്തിലുള്ള തുടർനടപടികൾ ടി വിഷയത്തിൽ സർക്കാർ തീരുമാനം കൈകൊണ്ടതിന് ശേഷം മാത്രം കൈകൊള്ളാവുന്നതാണെന്നും, ടി വിഷയത്തിലെ സർക്കാർ തീരുമാനം കൈകൊള്ളുന്നത് വരെ നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി നടപടികൾ കൈകൊള്ളാവുന്നതാണെന്നും അറിയിക്കുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1)സങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴയിൽ എല്ലാ സ്ഥാപനമേധാവികൾക്കും(www.dtekerala.gov.in മുഖേന )
2)ഓഫീസ് കോപ്പി

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 05.08.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #16 of File EB3/43391/21/DTE Approved by Senior Administrative Officer on 05-Aug-2023 08:13 AM - Page 1